## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:11.06.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ നീതി ആയോഗിന്റെ 11-ാമത് ഭരണ സമിതി യോഗം ന്യൂഡൽഹിയിൽ ചേരുന്നു.

2. കോഴിക്കോട് നിപ സാഹചര്യം വിലയിരുത്താൻ മന്ത്രി കെ.മുരളീധരൻ അടിയന്തര യോഗം വിളിച്ചു. കർശന ജാഗ്രതയിൽ സംസ്ഥാനം.

3. ഷിഗെല്ല വ്യാപനം തടയാൻ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്.

4. ഒമാൻ തീരത്ത് ' വാണിജ്യ കപ്പലിന് നേരെ ഉണ്ടായ ആക്രമണത്തിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. അമേരിക്കയുടെ ആക്രമണങ്ങളെ തുടർന്ന് ഹോർമുസ് കടലിടുക്ക് പൂർണ്ണമായും അടച്ചതായി ഇറാൻ.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. മൂന്ന് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം - കർണാടക- ലക്ഷദീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

**6. ലോകം ഇനി കാൽപന്തിൻറെ ആവേശത്തിലേക്ക്. ഫിഫ ലോകകപ്പ് ഫുട്ബോളിന് ഇന്ന് കിക്ക് ഓഫ്. കേരളത്തിലും ആവേശം വാനോളം.**

## നീതി ആയോഗ്

നീതി ആയോഗിന്റെ 11-ാമത് ഭരണ സമിതി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷത വഹിക്കുന്നു. ***'വികസിത ഭാരതം 2047 നായി എല്ലാവരെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മാനവ വികസനം'*** എന്നതാണ് ഈ വർഷത്തെ പ്രമേയം. പ്രായം, പ്രദേശം, ലിംഗം സാമൂഹിക-സാമ്പത്തിക പശ്ചാത്തലം എന്നിവ പരിഗണിക്കാതെ ഓരോ ഇന്ത്യക്കാരന്റെയും ക്ഷേമത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിനായുള്ള വിവിധ മേഖലകൾ സംബന്ധിച്ച് കൗൺസിൽ യോഗം ചർച്ച ചെയ്യും.

## നിപ (INTRO)

കോഴിക്കോട് നിപ രോഗലക്ഷണങ്ങളോടെ ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ച സാഹചര്യത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുവാൻ മന്ത്രി .കെ.മുരളീധരൻ ഇന്ന് തിരുവനന്തപുരത്ത് അടിയന്തിര ഉന്നതതലയോഗം

BIJU TVPM

വിളിച്ചു. സംസ്ഥാനത്ത് ജാഗ്രത ശക്തമാക്കിയിട്ടുണ്ട്. രോഗിയുടെ സാമ്പിൾ പരിശോധനക്കായി പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് അയച്ചിട്ടുണ്ട്. രോഗിയുമായി സമ്പർക്കം പുലർത്തിയവരോടെല്ലാം ക്വാറന്റൈനിൽ പോകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....***

## നിപ ഐസൊലേഷൻ

കോഴിക്കോട് മെഡിക്കൽ കോളെജിൽ നിപ ഐസൊലേഷൻ വാർഡ് പ്രവർത്തിക്കുന്നതിനാൽ രോഗനിയന്ത്രണത്തിന്റെയും സുരക്ഷയുടെയും ഭാഗമായി PAY Ward മേഖലയിലും പരിസര പ്രദേശങ്ങളിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തി. നിപ ഐസൊലേഷൻ വാർഡ് പ്രവർത്തിക്കുന്ന പ്രദേശത്തേക്ക് അനാവശ്യമായി പ്രവേശിക്കരുതെന്നും നിർദേശമുണ്ട്.

## ഷിഗെല്ല-സംസ്ഥാനം

സംസ്ഥാനത്ത് ഷിഗെല്ല വ്യാപനം തടയാൻ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്. വയനാട്ടിൽ എട്ടു കുട്ടികൾക്കാണ് ഇതുവരെ രോഗം

RNU TVPM

സ്ഥിരീകരിച്ചത്. തിരുവനന്തപുരം നഗരസഭയിൽ നിലവിൽ 13 ഷിഗല്ല കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലത്ത് രണ്ടുദിവസത്തിനിടെ രണ്ട് കുട്ടികൾക്കാണ് രോഗം സ്ഥിരീകരിച്ചത്. സമ്പർക്കത്തിലൂടെ രോഗം പടരുന്നുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ഉടൻ ലഭിക്കുമെന്നും ആരോഗ്യ മന്ത്രി കെ.മുരളീധരൻ അറിയിച്ചു. വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, തട്ടുകടകൾ എന്നിവയിൽ കർശന പരിശോധന നടത്താനും കുടിവെള്ള സ്രോതസുകൾ ക്ലോറിനേറ്റ് ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്. വയനാട് നെന്മേനി, അമ്പലവയൽ, നൂൽപ്പുഴ ഗ്രാമപഞ്ചായത്തുകൾ ബത്തേരി മുൻസിപ്പാലിറ്റി എന്നിവടങ്ങളിലെ സ്കൂളുകൾ, അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ മാസം 14 വരെ ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

RNU TVPM

### ഇന്ത്യ-കപ്പൽ ആക്രമണം

ഒമാൻ തീരത്ത് 'സെറ്റബെല്ലോ' എന്ന വാണിജ്യ കപ്പലിന് നേരെ നടന്ന ആക്രമണത്തിൽ ഇന്ത്യ കടുത്ത പ്രതിഷേധം രേഖപ്പെടുത്തി. സംഭവത്തെത്തുടർന്ന് ഇന്ത്യയിലെ യു.എസ്

നയതന്ത്ര പ്രതിനിധി ജേസൺ മീക്കിനെ വിദേശകാര്യ മന്ത്രാലയം വിളിച്ചുവരുത്തി. കപ്പലിലുണ്ടായിരുന്ന 24 ഇന്ത്യൻ ജീവനക്കാരിൽ 21 പേരെ രക്ഷപ്പെടുത്തിയതായും മൂന്ന് പേരെ കാണാതായതായും മന്ത്രാലയം അറിയിച്ചു.

മേഖലയിലെ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ കപ്പലുകൾക്ക് നേരെ തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക രേഖപ്പെടുത്തി. വാണിജ്യ കപ്പലുകളെ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ അടിയന്തരമായി അവസാനിപ്പിക്കണമെന്നും അന്താരാഷ്ട്ര നിയമങ്ങൾ പാലിച്ച് അന്താരാഷ്ട്ര ജലപാതകളിലൂടെയുള്ള സ്വതന്ത്ര ഗതാഗതം പുനഃസ്ഥാപിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു.

RNUTVPM

**ഇറാൻ-യുഎസ്**

ഇറാന്റെ സൈനിക കേന്ദ്രങ്ങൾക്ക് നേരെ അമേരിക്ക വീണ്ടും ശക്തമായ വ്യോമാക്രമണം നടത്തി. ഇതേത്തുടർന്ന് തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് പൂർണ്ണമായും അടച്ചതായി ഇറാൻ പ്രഖ്യാപിച്ചു. ഇറാന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങളെയും റഡാർ നിലയങ്ങളെയും ലക്ഷ്യമിട്ടായിരുന്നു അമേരിക്കയുടെ ആക്രമണം.

തിരിച്ചടിയായി ബഹ്റൈൻ, കുവൈറ്റ്, ജോർദാൻ എന്നിവിടങ്ങളിലെ യു.എസ് സൈനിക താവളങ്ങൾക്ക് നേരെ ഇറാൻ മിസൈൽ-ഡ്രോൺ ആക്രമണങ്ങൾ നടത്തി.

വെടിനിർത്തൽ ചർച്ചകൾ പരാജയപ്പെട്ട സാഹചര്യത്തിലുണ്ടായ ഈ പുതിയ ഏറ്റുമുട്ടലിനെത്തുടർന്ന് ആഗോള വിപണിയിൽ എണ്ണവില കുത്തനെ ഉയർന്നു.

❋❋❋❋❋❋❋❋❋❋❋❋❋

**മഴ-കേരളം**

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഇന്നും ഇടുക്കി എറണാകുളം, കോട്ടയം ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. 5 ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത്, കേരളം - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**പാലക്കാട് (ഇൻട്രോ)**

ലഹരിക്കെതിരെയുള്ള ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ഇതുവരെ 214 കേസുകൾ രജിസ്റ്റർ ചെയ്തു. 10 കിലോയോളം കഞ്ചാവും 50 ഗ്രാം രാസലഹരിയും പിടിച്ചെടുത്തു.

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത്......*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**ലോകകപ്പ് ഫുട്ബോൾ**

കായികലോകം ആവേശത്തോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് മണിക്കൂറുകൾക്കപ്പുറം കിക്കോഫ്. ചരിത്രത്തിലാദ്യമായി 48 ടീമുകൾ പങ്കെടുക്കുന്ന ഇത്തവണത്തെ ടൂർണമെന്റിന് അമേരിക്ക, മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ആതിഥേയത്വം വഹിക്കുന്നത്. ഇന്ത്യൻ സമയം ഇന്ന് രാത്രി 10.30-ന് ആരംഭിക്കുന്ന ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായ കലാപരിപാടികൾ മൂന്നുരാജ്യങ്ങളിലുമായി നടക്കും. മെക്സിക്കോയിലെ ചരിത്രപ്രസിദ്ധമായ എസ്റ്റാഡിയോ ആസ്ടെക്ക സ്റ്റേഡിയത്തിൽ രാത്രി 12:30-ന് ആരംഭിക്കുന്ന ആദ്യ പോരാട്ടത്തിൽ ആതിഥേയരായ മെക്സിക്കോ ദക്ഷിണാഫ്രിക്കയെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

**ലോകകപ്പ്– കേരളം**

ലാറ്റിനമേരിക്കൻ ശൈലിയോടും യൂറോപ്യൻ കരുത്തിനോടും ഒരുപോലെ ആഭിമുഖ്യം പുലർത്തുന്ന കേരളത്തിൽ ലോകകപ്പ് ഫുട്ബോളിന്റെ ആവേശം

RJUTVPM

വാനോളം ഉയർന്നു. ഗ്രാമ–നഗര ഭേദമന്യേ നാടാകെ കാൽപ്പന്ത് ലഹരിയിലാണ്. മഹാമേളയ്ക്ക് വിസിൽ മുഴങ്ങാൻ ഇൗയൊരു പകൽമാത്രം ബാക്കിനിൽക്കേ, ഫുട്ബോളിനോടുള്ള തങ്ങളുടെ അടങ്ങാത്ത അഭിനിവേശം തെളിയിച്ച് കേരളം വീണ്ടും ശ്രദ്ധ നേടുകയാണ്. കവലകളിൽ സൂപ്പർതാരങ്ങളുടെ കൂറ്റൻ കട്ടൗട്ടുകൾ ഉയർന്നു കഴിഞ്ഞു. റോഡുകളിലും മതിലുകളിലും പ്രിയ ടീമുകളുടെ ജേഴ്സി നിറങ്ങൾ നിറഞ്ഞു. മെസ്സി, നെയ്മർ, റൊണാൾഡോ, എംബാപ്പെ എന്നിവർക്കൊപ്പം ലാമിൻ യമാൽ അടക്കമുള്ള യുവതാരങ്ങളുടെ ജേഴ്സികൾ വിപണികളിൽ വൻതോതിൽ വിറ്റഴിയുകയാണ്. ക്യാമ്പസുകളിലും ചില സ്കൂളുകളിലും ലോകകപ്പ് വിളംബരറാലികളും പ്രകടനങ്ങളും നടന്നു. ക്ലബ്ബുകളും പ്രാദേശിക കൂട്ടായ്മകളും മുൻകൈയെടുത്ത് വലിയ സ്ക്രീനുകളിൽ കളി കാണാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

RNU TVPM

**സപ്ലൈകോ**

ഫിഫ ലോകകപ്പിനോടനുബന്ധിച്ച് ഉപഭോക്താക്കൾക്കും ഫുട്ബോൾ ആരാധകർക്കുമായി പ്രത്യേക ഓഫർ പ്രഖ്യാപിച്ച് സപ്ലൈകോ. 11 ശബരി ഉൽപ്പന്നങ്ങൾക്ക്, ആകർഷകമായ വിലക്കിഴിവുകൾ ആയിരിക്കും 'സപ്ലൈകോ സോക്കർ ഇലവനിലൂടെ' ജൂൺ 15 മുതൽ നൽകുക.

## ഇടുക്കി (ഇൻട്രോ)

ജലസമൃദ്ധമായ ചീയപ്പാറ വെള്ളച്ചാട്ടം കാണാൻ സഞ്ചാരികളുടെ തിരക്ക്. ദിവസവും നൂറുകണക്കിന് സഞ്ചാരികളാണ് ചീയപ്പാറയിൽ ഇറങ്ങി ജലപാതത്തിന്റെ ഭംഗിയാസ്വദിച്ച് കടന്ന് പോകുന്നത്. കൊച്ചി - ധനുഷ്ക്കോടി ദേശിയപാതയോരത്ത് നേര്യമംഗലം വനമേഖലയിലാണ് ചീയപ്പാറ വെള്ളച്ചാട്ടം മനോഹര കാഴ്ച്ചയൊരുക്കുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ......***

***(വോയിസ്)***

RNUTVPM

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 266 പോയിന്റ് ഉയർന്ന് 74249 ലും നിഫ്റ്റി 56 പോയിന്റ് നേട്ടത്തോടെ 23271 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. പവന് 1,560 രൂപ താഴ്ന്ന് ഒരു ലക്ഷത്തി ആറായിരത്തി 800 രൂപയും ഗ്രാമിന് 195 രൂപ കുറഞ്ഞ് 13, 350 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM